# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 635 — 28/9/2016 -ൽ മറുപടിക്ക്

## മാമലക്കണ്ടത്തെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം മാമലക്കണ്ടത്ത് കുടിവെള്ളക്ഷാമം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി എന്ത് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | കുട്ടമ്പുഴ പഞ്ചായത്തിലെ ഉയർന്ന പ്രദേശമായ മാമലക്കണ്ടം മേഖലയിൽ വാട്ടർ അതോറിറിയുടെ കുടിവെള്ള പദ്ധതികൾ നിലവിലില്ല. വനമേഖലയി ലൂടെ 8 കി.മീ. ദൂരത്താണ് മാമലക്കണ്ടം സ്ഥിതി ചെയ്യുന്നത്. അതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കുട്ടമ്പുഴ, വടാട്ടുപാറ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ഈ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നത് പ്രായോഗികമല്ല. ചെറുകിട ശുദ്ധജല പദ്ധതികളാണ് ഈ പ്രദേശത്ത് അനുയോജ്യമായിട്ടുള്ളത്. ഈ പ്രദേശത്ത് മുടങ്ങിക്കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ മൂന്ന് പദ്ധതികൾ (മേത്താനംപാറ കുടിവെള്ള പദ്ധതി, എളമ്പ്രാശ്ശേരി കുടിവെള്ള പദ്ധതി, മാമലക്കണ്ടം എസ്.സി കോളനി കുടിവെള്ള പദ്ധതി എന്നിവ) ജില്ലാ കളക്ടറുടെ വരൾച്ചാ ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റി മുഖേന പുനരുദ്ധാരണ പ്രവർത്തികൾ നടത്തി കുട്ടമ്പുഴ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല കുട്ടമ്പുഴ പഞ്ചായത്തിനാണ്. |
| (സി) | പ്രസ്തുത പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

JSK/